# കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ലിമിറ്റഡ്
## (ഒരു കേരള സർക്കാർ സ്ഥാപനം)

സ്വയം തൊഴിൽ വായ്പയ്ക്കുള്ള നിബന്ധനകളും നിർദ്ദേശങ്ങളും ഏത് തരം സ്വയം സംരംഭം ആരംഭിക്കുവാനും വനിതകൾക്ക് വായ്പ നൽകുന്നു

| ക്രമ നം. | പദ്ധതി | മാനദണ്ഡം |
|---|---|---|
| 1 | ന്യൂനപക്ഷ വിഭാഗം | അപേക്ഷക ന്യൂനപക്ഷ സമുദായങ്ങളിലേതിലെങ്കിലും ഉൾപ്പെട്ട ആളായിരിക്കണം (മുസ്ലീം, ക്രിസ്ത്യൻ, പാഴ്സി, ബുദ്ധിസ്റ്റ്, സിക്ക്) |
| 2 | പിന്നോക്ക വിഭാഗം | കേരള സർക്കാർ അംഗീകരിച്ച പിന്നോക്ക സമുദായങ്ങളിലേതിലെങ്കിലും (ഒ.ബി.സി) ഉൾപ്പെട്ട ആളായിരിക്കണം. |
| 3 | പട്ടികജാതി വിഭാഗം | കേരള സർക്കാർ അംഗീകരിച്ച പട്ടികജാതി സമുദായങ്ങളിലേതിലെങ്കിലും ഉൾപ്പെട്ട ആളായിരിക്കണം. |
| 4 | പട്ടികവർഗ്ഗ വിഭാഗം | കേരള സർക്കാർ അംഗീകരിച്ച പട്ടികവർഗ്ഗ സമുദായങ്ങളിലേതിലെങ്കിലും ഉൾപ്പെട്ട ആളായിരിക്കണം. |
| 5 | പൊതു വിഭാഗം | അപേക്ഷക മുന്നോക്ക സമുദായങ്ങളിലേതിലെങ്കിലും ഉൾപ്പെട്ട ആളായിരിക്കണം |
| 6 | വാർഷിക വരുമാന പരിധി | എ) പിന്നോക്ക വിഭാഗത്തിന് – വാർഷിക വരുമാനം 8.00 ലക്ഷം രൂപ വരെ (NBCFDC schemes- 3 ലക്ഷം വരെ KSWDC schemes- 8 ലക്ഷം വരെ) |
| | | ബി) ന്യൂനപക്ഷ വിഭാഗത്തിന് – വരുമാന പരിധി രണ്ടായി തിരിച്ചിരിക്കുന്നു –<br>**ക്രെഡിറ്റ് ലൈൻ** ഒന്നിൽ ഗ്രാമ പ്രദേശങ്ങളിൽ വാർഷിക വരു മാനം 98,000 രൂപ വരെയും, നഗര പ്രദേശങ്ങളിൽ 1,20,000 രൂപ വരെ<br>**ക്രെഡിറ്റ് ലൈൻ** രണ്ടിൽ മൊത്തം വരുമാന പരിധി 8.00 ലക്ഷം രൂപ വരെ |
| | | സി) പട്ടികജാതി വിഭാഗത്തിന് – വാർഷിക വരുമാന പരിധി 3.00 ലക്ഷം രൂപ വരെ |
| | | ഡി) പട്ടികവർഗ്ഗ വിഭാഗത്തിന് – വാർഷിക വരുമാന പരിധി 3.00 ലക്ഷം രൂപ വരെ |
| | | ഇ) മുന്നോക്ക വിഭാഗത്തിന് – വാർഷിക വരുമാനം 8.00 ലക്ഷം രൂപ വരെ. |
| 7 | പ്രായം | 18 മുതൽ 55 വയസ്സ് വരെ<br>(KSWDC വായ്പാ പദ്ധതിയ്ക്ക് 18 മുതൽ 60 വരെ) |

8. **<u>വിദ്യാഭ്യാസ/സാങ്കേതിക യോഗ്യതകൾ</u>**

വായ്പ പദ്ധതികൾക്ക് അപേക്ഷിക്കുന്നതിന് പ്രത്യേക വിദ്യാഭ്യാസ യോഗ്യത നിഷ്കർഷിച്ചിട്ടില്ല.എന്നാൽ എസ്.എസ്.എൽ.സി. ജയിച്ചവർക്കും സാങ്കേതിക വിദ്യാ

ഭ്യാസ യോഗ്യത നേടിയവർക്കും തൊഴിൽ പരിചയം ഉള്ളവർക്കും മുൻഗണന നൽകുന്നതാണ്. സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ള തൊഴിലിന് വായ്പയ്ക്ക് അപേക്ഷിക്കുന്നവർക്ക് സാങ്കേതിക വിദ്യാഭ്യാസ യോഗ്യത അനിവാര്യമാണ്.

9. **ജാമ്യ വ്യവസ്ഥകൾ (കൂടിക്കാഴ്ച്ചയ്ക്ക് ശേഷം മാത്രം ജാമ്യരേഖകൾ ഹാജരാക്കിയാൽ മതിയാകും)**
വസ്തു ജാമ്യം/ഉദ്യോഗസ്ഥ ജാമ്യം

**<u>വസ്തു ജാമ്യത്തിന് ഹാജരാക്കേണ്ട രേഖകൾ</u>**

എ) ഒരു വ്യക്തിയുടെ കൈവശം 5 സെന്റിൽ കുറയാത്ത വസ്തുവിന്റെ അസൽ പ്രമാണം
ബി) മുൻ ആധാരം (രജിസ്ട്രാർ ഓഫീസ്സിൽ നിന്നും)
സി) വസ്തുവിന്റെ കരം തീർത്ത് രസീത് (വില്ലേജ് ഓഫീസ്)
ഡി) വസ്തുവിന്റെ വില നിർണ്ണയ സർട്ടിഫിക്കറ്റ് (വില്ലേജ് ഓഫീസ്)
ഇ) വില്ലേജ് ഓഫീസർ നൽകിയ കൈവശ ജപ്തി രഹിത സർട്ടിഫിക്കറ്റ്
എഫ്) വില്ലേജ് ഓഫീസർ നൽകിയ കൈവശാവകാശ സർട്ടിഫിക്കറ്റ്
ജി) വില്ലേജ് ഓഫീസർ നൽകിയ ലൊക്കേഷൻ സർട്ടിഫിക്കറ്റ് & സ്കെച്ച് (വില്ലേജ് ഓഫീസ്)
എച്ച്) സബ് രജിസ്ട്രാറിൽ നിന്നുള്ള 15 വർഷത്തിൽ കുറയാത്ത കുടിക്കിട (ബാധ്യത)സർട്ടിഫിക്കറ്റ്

**<u>ഉദ്യോഗസ്ഥ ജാമ്യത്തിന് ഹാജരാക്കേണ്ട രേഖകൾ</u>**

എ) വായ്പാ തുക അഞ്ച് ലക്ഷം രൂപ വരെ – 5 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് ഒരു ഉദ്യോഗസ്ഥൻ കൈപ്പറ്റുന്ന ശമ്പളം മൊത്തം വായ്പ തുകയുടെ 12% ത്തിൽ കുറയാൻ പാടില്ല.
ബി) വായ്പാ തുക അഞ്ച് ലക്ഷത്തിന് മേൽ പത്ത് ലക്ഷം വരെ – രണ്ട് സർക്കാർ ഉദ്യോഗസ്ഥരുടെ ജാമ്യം. ടി ഉദ്യോഗസ്ഥർ കൈപ്പറ്റുന്ന ശമ്പള തുക മൊത്തം വായ്പ തുകയുടെ 12% ത്തിൽ കുറയാൻ പാടില്ല.
സി) ജാമ്യം നിൽക്കുന്ന ഉദ്യോഗസ്ഥന്/ഉദ്യോഗസ്ഥർക്ക് വിരമിക്കലിന് മുമ്പ് കുറഞ്ഞത് ഏഴ് വർഷത്തെ സർവ്വീസ് കാലാവധി ഉണ്ടായിരിക്കേണ്ടതാണ്.
ഡി) ശമ്പള സർട്ടിഫിക്കറ്റിൽ ഉദ്യോഗസ്ഥന്റെ ജനന തീയതി/പെൻഷൻ തീയതി/ജോലിയിൽ പ്രവേശിച്ച തീയതി, PEN എന്നിവ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.
ഇ) ശമ്പള സർട്ടിഫിക്കറ്റിൽ ജാമ്യക്കാരന്റെ/ജാമ്യക്കാരിയുടെ മേലുദ്യോഗസ്ഥൻ പേരും ഒപ്പും ഓഫീസ് മുദ്രയും ചേർക്കേണ്ടതാണ്.
എഫ്) ഈ കോർപ്പറേഷനിൽ ജാമ്യം നിന്നിട്ടുള്ള ഉദ്യോഗസ്ഥർ നിലവിലുള്ള വായ്പയുടെ തിരിച്ചടവ് പൂർണ്ണമായി അവസാനിക്കാതെ മറ്റൊരു വായ്പയ്ക്ക് ജാമ്യ നിൽക്കാൻ പാടുള്ളതല്ല.

**<u>മറ്റ് നിബന്ധനകൾ</u>**

1) വസ്തു ജാമ്യമാണെങ്കിൽ വക്കീൽ ഫീസ് 620/- രൂപ വായ്പ ലഭിക്കുന്നതിനു മുമ്പായി കോർപ്പറേഷനിൽ അടയ്ക്കേണ്ടതാണ്. റവന്യൂ അധികാരികളിൽ നിന്നും ലഭിക്കുന്ന വാല്യൂവേഷൻ സർട്ടിഫിക്കറ്റിന് ആനുപാതികമായി അനുവദിച്ച വായ്പ തുക പരിമിതപ്പെടുത്തുന്നതായിരിക്കും.

2) വനിതാ വികസന കോർപ്പറേഷനിൽ നിന്നോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ സ്വയം തൊഴിൽ പദ്ധതികൾക്ക് പതിനായിരം രൂപയിൽ കൂടുതൽ വായ്പ എടുത്തിട്ടുള്ള വനിതയ്ക്ക് വായ്പ അനുവദിക്കുന്നതല്ല.

3) വായ്പാ തിരിച്ചടവ് – വായ്പാ തുക നിർദ്ദിഷ്ട പലിശ സഹിതം വായ്പാ പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം (30 മുതൽ 60 മാസം) തവണയായി തിരിച്ചടക്കേണ്ടതാണ്. വായ്പാ തുക ലഭിച്ചതിന് ശേഷം അടുത്ത മാസം മുതൽ തിരിച്ചടവ് ആരംഭിക്കേണ്ടതാണ്.

4) പലിശ നിരക്ക് – വായ്പാ തുകയ്ക്ക് 4–9% പലിശയും വായ്പാ തുക ദുർവിനിയോഗം ചെയ്യുകയോ വായ്പ തവണകൾ യഥാസമയം അടയ്ക്കാതിരിക്കുകയോ ചെയ്താൽ 6% പിഴപ്പലിശയും ഈടാക്കുന്നതാണ്.

5) വായ്പയ്ക്ക് അപേക്ഷിക്കുന്നവർക്ക് കൂടിക്കാഴ്ച്ചയുടെ അടിസ്ഥാനത്തിൽ മാത്രമേ വായ്പ അനുവദിക്കുകയുള്ളൂ.

6) അപേക്ഷയ്ക്ക് ദേശസാത്കൃത ബാങ്കിൽ നിന്നും അക്കൗണ്ട് ഉണ്ടായിരിക്കേണ്ടതാണ്.

7) വായ്പ എടുക്കുന്ന എല്ലാ ഗുണഭോക്താക്കളും റിസ്ക് ഫണ്ട് അടയ്ക്കേണ്ടതാണ്. റിസ്ക് ഫണ്ടിൽ (സുരക്ഷാ ഫണ്ട്) അടയ്ക്കേണ്ട തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 50,000 രൂപ വരെ | 250 രൂപ |
| 1,00,000 രൂപ വരെ | 500 രൂപ |
| 1,50,000 രൂപ വരെ | 1,000 രൂപ |
| 1,50,000 രൂപയ്ക്ക് മേൽ 2,50,000 രൂപ വരെ | 1,500 രൂപ |
| 2,50,000 രൂപയ്ക്ക് മേൽ 3,50,000 രൂപ വരെ | 2,000 രൂപ |
| 3,50,000 രൂപയ്ക്ക് മേൽ 5,00,000 രൂപ വരെ | 2,500 രൂപ |
| 5,00,000 രൂപയ്ക്ക് മേൽ 10,00,000 രൂപ വരെ | 5,000 രൂപ |

**പൂരിപ്പിച്ച അപേക്ഷ ഫോറത്തോടൊപ്പം ചുവടെ പറയുന്ന രേഖകളുടെ പകർപ്പുകൾ സമർപ്പിക്കേണ്ടതാണ്**

1) എസ്.എസ്..എൽ.സി. ബുക്കിൽ ജാതി രേഖപ്പെടുത്തിയ/സ്കൂൾ അഡ്മിഷൻ രജിസ്റ്ററിന്റെ ശരിപ്പകർപ്പ്
2) റേഷൻ കാർഡ് ഒന്നും രണ്ടും പേജുകൾ
3) വില്ലേജ് ഓഫീസിൽ നിന്നും ലഭിച്ച കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റ്
4) വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (സ്കൂൾ സർട്ടിഫിക്കറ്റ്)
5) ഇലക്ഷൻ തിരിച്ചറിയൽ കാർഡ്
6) ആധാർ കാർഡ്
7) ആധാറുമായി ബന്ധിപ്പിച്ച പാസ് ബുക്കിന്റെ പകർപ്പ്
8) സ്കൂൾ വിടുതൽ സർട്ടിഫിക്കറ്റ്–ജാതി/മതം തെളിയിക്കുന്നതിന്. ഇതിലെന്തെങ്കിലും സംശയം ഉണ്ടാകുന്നപക്ഷം വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്.
9) സാങ്കേതിക പരിജ്ഞാനം, പരിചയ സമ്പന്നത, ആവശ്യമുണ്ടെങ്കിൽ അവ തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (ഉദ–കമ്പ്യൂട്ടർ പരിജ്ഞാനം, ടൈപ്പ്റൈറ്റിംഗ്, മെഡിക്കൽ ലാബ്)
10) അപേക്ഷക വിധവയോ വികലാംഗയോ നിരാലംബയോ ആണെങ്കിൽ അത് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്
11) ആവശ്യമാകുന്നപക്ഷം മറ്റ് സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നുള്ള കുടിശ്ശികയില്ലായെന്നു തെളിയിക്കുന്ന സർട്ടിഫിക്കറ്റ്.
12) ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയെ സംബന്ധിച്ച് അപേക്ഷക സ്വയം തയ്യാറാക്കിയ കുറിപ്പ്/പ്രോജക്ട് റിപ്പോർട്ടും 5 രൂപ തപാൽ സ്റ്റാമ്പ് ഒട്ടിച്ച് സ്വന്തം മേൽവിലാസം എഴുതിയ കവറും അപേക്ഷയോടൊപ്പം സമർപ്പിക്കണം.

* * *